LIBRARY ARCHIVES Kerala Legislative Assembly

പി.എസ്.സി. നിയമനം

30 (1391) ശ്രീ. അൻവർ സാദത്ത്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുൻ സർക്കാരിന്റെ കാലയളവിൽ സംസ്ഥാനത്ത് എത്ര പേർക്ക് പി.എസ്.സി. മുഖേന നിയമനം ലഭിച്ചു?

25-5-2016 മുതൽ 20-5-2021 വരെ 1,61,361 (ഒരു ലക്ഷത്തി അറുപത്തി ഒന്നായിരത്തി മുന്നൂറ്റി അറുപത്തിയൊന്ന്) നിയമന ശിപാർശകളാണ് പബ്ലിക് സർവീസ് കമ്മീഷൻ മുഖേന നൽകിയിട്ടുള്ളത്.

(ബി) കഴിഞ്ഞ അഞ്ചുവർഷക്കാലയളവിൽ സംസ്ഥാനത്ത് എത്ര തൊഴിലവസരങ്ങൾ പുതിയതായി സൃഷ്ടിക്കാൻ സാധിച്ചു;

(സി) മുൻ സർക്കാരിന്റെ കാലത്തെ കണക്കുകളുമായി താരതമ്യം ചെയ്യുമ്പോൾ 20 ലക്ഷം അഭ്യസ്തവിദ്യർക്ക് തൊഴിൽ അവസരം നൽകും എന്ന ഈ സർക്കാരിന്റെ പ്രഖ്യാപനത്തിന് അടിസ്ഥാനമെന്താണ്; വിശദമാക്കുമോ?

കഴിഞ്ഞ 5 വർഷക്കാലയളവിൽ വിവിധ സർക്കാർ വകുപ്പുകൾ/ സ്ഥാപനങ്ങൾ എന്നിവയിലായി 25000-ഓളം പുതിയ തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ട്. 20 ലക്ഷം അഭ്യസ്തവിദ്യരായ തൊഴിൽ രഹിതർക്ക് തൊഴിൽ നൽകുന്നതിനുള്ള പദ്ധതി നടപ്പ് സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ പ്രഖ്യാപിച്ചിട്ടുണ്ട്. തൊഴിലന്വേഷകരെ രജിസ്റ്റർ ചെയ്യുന്നതിനും അവരുടെ നൈപുണ്യ വർദ്ധനവിനും അവസരമൊരുക്കും. തുടർന്ന് തൊഴിൽ ദാതാക്കളുമായി ബന്ധിപ്പിച്ച് തൊഴിൽ ലഭ്യമാക്കുകയാണ് ലക്ഷ്യം. ഇതിനായുള്ള വിശദമായ പദ്ധതി തയ്യാറാക്കാൻ കേരള ഡെവലപ്മെന്റ് ആൻഡ് ഇന്നൊവേഷൻ സ്ട്രാറ്റജിക് കൗൺസിലിനെ ചുമതലപ്പെടുത്തിയിട്ടുണ്ട്.

ഓവർസിയർ ഗ്രേഡ്-3 തസ്തിക

31 (1392) ശ്രീ. മാണി. സി. കാപ്പൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുമരാമത്ത്, ഇറിഗേഷൻ എന്നീ വകുപ്പുകളിലെ ഓവർസിയർ ഗ്രേഡ്-3 തസ്തികയുമായി ബന്ധപ്പെട്ട (കാറ്റഗറി നമ്പർ 247/2018) 4-6-2021-ലെ അഡ്വൈസിൽ ഉൾപ്പെടുത്താത്തതും അതിനുശേഷം റിപ്പോർട്ട് ചെയ്യപ്പെട്ടതുമായ എത്ര ഒഴിവുകൾ പ്രസ്തുത വകുപ്പുകളിൽനിന്ന് അഡ്വൈസ് ചെയ്യപ്പെടുന്നതിനായി റിപ്പോർട്ട് ചെയ്തിട്ടുണ്ടെന്ന് വ്യക്തമാക്കാമോ?

4-6-2021-ലെ അഡ്വൈസിനുശേഷം ഒഴിവുകൾ റിപ്പോർട്ട് ചെയ്തിട്ടില്ല.

(ബി) 4-6-2021-ന് നൽകിയ അഡ്വൈസുകളിൽ ചിലതിൽ ടൈബ്യൂണലിൽ നിലവിലുള്ള കേസിന്റെ കാര്യം പരാമർശിച്ചിട്ടുള്ളത് എന്തുകൊണ്ടാണെന്ന് വ്യക്തമാക്കാമോ; വിശദാംശം ലഭ്യമാക്കുമോ?

ടി റാങ്ക് പട്ടികയിൽ നിന്നുമുള്ള നിയമന ശിപാർശ OA. No.1308/2020-ന്മേലുള്ള അന്തിമ ഉത്തരവിന് വിധേയമായിരിക്കുമെന്ന് ടി കേസിന്മേലുള്ള MA. No.998/2020-ൽ ബഹു. അഡ്മിനിസ്ട്രേറ്റീവ് ടൈബ്യൂണലിന്റെ ഇടക്കാല ഉത്തരവുള്ളതിനാലാണ് 4-6-2021-ലെ നിയമന ശിപാർശകളിൽ ടൈബ്യൂണലിൽ നിലവിലുള്ള കേസിന്റെ കാര്യം പരാമർശിച്ചിട്ടുള്ളത്.

പി. എസ്. സി. അംഗങ്ങളുടെ നിയമനം

32 (1393) ശ്രീ. പി. ടി. തോമസ്:
ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ): താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള പബ്ലിക് സർവ്വീസ് കമ്മീഷനിൽ അംഗങ്ങളെ നിയമിച്ചതുമായി ബന്ധപ്പെട്ട് സാമ്പത്തിക ഇടപാട് നടന്നതായുള്ള വാർത്ത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ അതിന്റെ വിശദാംശങ്ങൾ സർക്കാർ അന്വേഷിച്ചിട്ടുണ്ടോ; വിശദമാക്കുമോ?

ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) പി.എസ്.സി. അംഗങ്ങളുടെ നിയമന മാനദണ്ഡങ്ങൾ കാലോചിതമായി പരിഷ്കരിക്കുന്നതിന് സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശം ലഭ്യമാക്കുമോ?

പരിഗണനയിലില്ല.

വയനാട് ജില്ലയിലെ നിയമനങ്ങൾ

33 (1394) ശ്രീ. ഒ. ആർ. കേളു: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016 മേയ് മാസം മുതൽ 2021 ജൂൺ വരെ വയനാട് ജില്ലയിൽ ആകെ എത്ര പേർക്ക് കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ വഴി ജോലി നൽകിയിട്ടുണ്ട് എന്ന് വ്യക്തമാക്കാമോ?

2016 മേയ് മാസം മുതൽ 2021 ജൂൺ മാസം വരെ പി.എസ്.സി.- യുടെ വയനാട് ജില്ലാ ഓഫീസിൽനിന്ന് വിവിധ വകുപ്പുകളിലേയ്ക്കായി 3773 (മൂവായിരത്തി എഴുന്നൂറ്റി എഴുപത്തി മൂന്ന്) നിയമനശിപാർശകൾ നൽകിയിട്ടുണ്ട്. വകുപ്പ്, തസ്തിക തിരിച്ചുള്ള കണക്ക് അനുബന്ധമായി ചേർക്കുന്നു.*

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

LIBRARY ARCHIVES Kerala Legislative Assembly